2010
മാർച്ച്
14
ഞായർ

A newspaper for Keralites living away from home

കലാകൗമുദി

● 1185 കുംഭം 30

വില രൂപ. 4.00 പേജ് 12

മുംബയ്

ശിവശക്തി
കേരള ജ്യോതിഷ നിലയം

ശ്രീ. വെള്ളിനേഴി രാമചന്ദ്രപണിക്കർ &
ശ്രീ. കെ. സുരേഷ് പണിക്കർ

ജ്യോതിഷ സംബന്ധമായ എല്ലാ വിഷയങ്ങളും (അഷ്ടമംഗല്യ പ്രശ്നം, ദേവപ്രശ്നം, താംബൂല പ്രശ്നം, വിവാഹ പൊരുത്തം, സന്താന പ്രശ്നം, മുഹൂർത്തങ്ങൾ മുതലായവ) സൂക്ഷ്മമായി ചിന്തിച്ച് പരിഹാരങ്ങൾ നിർദ്ദേശിക്കുന്നു. സമ്പൂർണ്ണ ജാതകം തയ്യാറാക്കിക്കൊടുക്കുന്നു.
വിശദവിവരങ്ങൾക്ക്:
Flat No. 102, Plot No. 267, Lawankur Apt., Sector-19, Koparkhairne, Navi Mumbai-400709. Mob: 9920580051, 022-32207318
രാവിലെ 9 മുതൽ രാത്രി 8 വരെ

മലങ്കര കത്തോലിക്കസഭയുടെ പുതിയ മെത്രാന്മാരായി അഭിഷിക്തരായ വിൻസന്റ് മാർ പൗലോസ്, സാമുവൽ മാർ ഐറേനിയോസ്, ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്, തോമസ് മാർ അന്തോണിയോസ് എന്നിവർ സിംഹാസനത്തിൽ ഇരുന്ന് വിശുദ്ധ സുവിശേഷം വായിക്കുന്നു. (റിപ്പോർട്ട് പേജ് 5)

ഇന്ത്യയുടെ മിസൈൽ വേധ മിസൈൽ ഇന്ന് പരീക്ഷിക്കും

ന്യൂഡൽഹി : ഇന്ത്യ സ്വന്തമായി വികസിപ്പിച്ച അത്യാധുനിക മിസൈൽ വേധ മിസൈൽ (അഡ്വാൻസ്ഡ് എയർ ഡിഫൻസ് മിസൈൽ) ഇന്ന് ഒറീസ തീരത്തെ ഇന്റഗ്രേറ്റഡ് ടെസ്റ്റ് റേഞ്ചിൽ നിന്ന് പരീക്ഷിക്കും.

ശത്രുവിന്റെ ബാലിസ്റ്റിക് മിസൈലുകളെ ഏറ്റവും കുറഞ്ഞ ഉയരത്തിൽ വച്ചുതന്നെ തകർക്കാൻ ശേഷിയുള്ളതാണ് ഈ എ.ഡി.ഡി മിസൈൽ.

ഇന്ത്യയുടെ തന്നെ പൃഥ്വിമിസൈൽ പരിഷ്കരിച്ചുണ്ടാക്കിയതാണ് പരീക്ഷണത്തിന് ഉപയോഗിക്കുന്ന 'ശത്രു മിസൈൽ' ചന്ദിപ്പൂരിൽ മൊബൈൽ ലോഞ്ചറിൽ നിന്ന് ആദ്യം 'ശത്രു മിസൈൽ' വിക്ഷേപിക്കും. 'ശത്രു' വരുന്നത് റേഡിയോ തരംഗങ്ങളുപയോഗിച്ച് 'മനസിലാക്കുന്ന' എ.ഡി.ഡി മിസൈൽ 70 കിലോമീറ്റർ അകലെയുള്ള വീലർ ദ്വീപിൽ നിന്ന് സ്വയം കുതിച്ചുയർന്ന് ബംഗാൾ ഉൾക്കടലിന് മുകളിൽ വച്ച് ശത്രുമിസൈലിനെ തകർക്കും. ഏഴ് മീറ്റർ നീളമുള്ള എ.ഡി.ഡി മിസൈൽ ഒറ്റഘട്ടമുള്ള ഖര ഇന്ധന റോക്കറ്റാണ്. ആധുനികഗതി നിയന്ത്രണ സംവിധാനവും കമ്പ്യൂട്ടർ ഒക്കെയുള്ള മിസൈൽ ഗ്രൗണ്ട് സ്റ്റേഷനിലുള്ള റഡാറുകൾ നൽകുന്ന കമാൻഡുകൾ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

റഷ്യയിൽ നിന്ന് 200 യുദ്ധ വിമാനങ്ങൾ

ന്യൂഡൽഹി : അടുത്ത നാലു പതിറ്റാണ്ടിനുള്ളിൽ റഷ്യ 200 സ്റ്റെൽത്ത് യുദ്ധ വിമാനങ്ങൾ കൂടി ഇന്ത്യയ്ക്ക് നിർമ്മിച്ചു നൽകും. ഇന്ത്യ സന്ദർശിക്കുന്ന റഷ്യൻ പ്രധാനമന്ത്രി വ്ളാഡ്മിർ പുട്ടിന്റെ സംഘാംഗമായ സുഖോയ് ഡയറക്ടർ മിഖായേൽ പോഗോസ്യാൻ ഇവിടെ അറിയിച്ചതാണ് ഇക്കാര്യം.

നാലു പതിറ്റാണ്ടിനിടെ 1000 സ്റ്റെൽത്ത് യുദ്ധവിമാനങ്ങളാണ് റഷ്യ നിർമ്മിക്കുക. ഇതിൽ 200 എണ്ണം ഇന്ത്യയ്ക്ക് നൽകാനുള്ള ചർച്ച നടക്കുകയാണ്.

അമേരിക്കയുടെ എഫ്-22 സ്റ്റെൽത്ത് യുദ്ധവിമാനങ്ങളോട് കിടപിടിക്കുന്നതാണ് സുഖോയ് ടി-50 വിമാനങ്ങൾ. അഞ്ചാം തലമുറയിൽപ്പെട്ട സുഖോയ് ടി-50 വിവിധ പരീക്ഷണങ്ങൾക്കുശേഷം 2015-ഓടെ പ്രവർത്തന സജ്ജമാകുമെന്നും പോഗോസ്യാൻ അറിയിച്ചു. ഇന്ത്യയ്ക്കുപുറമേ ലിബിയയും വിയറ്റ്നാമും ചില യൂറോപ്യൻ രാജ്യങ്ങളും പുതിയ യുദ്ധവിമാനങ്ങൾ വാങ്ങാൻ താത്പര്യം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

യു.എസ് ആണവ നിലയത്തിന് ഭീകരബന്ധം

മുംബയ് : അൽക്വ-ഇദ ബന്ധമുണ്ടെന്ന സംശയത്തെ തുടന്ന് യെമനിൽ പിടിയിലായ യുവാവ് അമേരിക്കയിലെ ആണവനിലയങ്ങളിൽ ആറുവർഷം ജോലി ചെയ്തിരുന്നതായി വ്യക്തമായി.

യു.എസിലെ ന്യൂജേഴ്സി സംസ്ഥാനത്തെ ബ്യൂണയിൽ നിന്നുള്ള 26 കാരനായ ഷറിഫ് മൊബ്ലിയാണ് പിടിയിലായത്. 2002 മുതൽ 2008 വരെ ന്യൂജേഴ്സി, പെൻസിൽവേനിയ, മാരിലാൻഡ് എന്നിവിടങ്ങളിലെ ആണവ നിലയങ്ങളിൽ ഇയാൾ ജോലി ചെയ്തിരുന്നു.

പിടിയിലായ മൊബ്ലിയെ അസുഖത്തെത്തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും അവിടെവച്ച് സെക്യൂരിറ്റി ജീവനക്കാരനെ വെടിവച്ചുകൊന്ന് രക്ഷപ്പെടാൻ ശ്രമിച്ചതായും യെമൻ അധികൃതർ പറഞ്ഞു.

രണ്ടുവർഷംമുമ്പ് ഭീകര ക്യാമ്പിൽ പങ്കെടുക്കുന്നതിനാണ് ഇയാൾ യെമനിലെത്തിയതത്രേ. എന്നാൽ, മൊബ്ലിയുടെ തീവ്രവാദബന്ധത്തെപ്പറ്റി അറിയില്ലെന്നാണ് യു.എസ് ആണവ റെഗുലേറ്ററി കമ്മിഷൻ അധികൃതർ പറയുന്നത്. സംഭവത്തെക്കുറിച്ച് യു.എസ് രഹസ്യാന്വേഷണ ഏജൻസികളും എൻഫോഴ്സുമെന്റും അന്വേഷണം തുടങ്ങി.

അന്വേഷണം എങ്ങുമെത്താതെ പൂനെ സ്ഫോടനം

മുംബയ് : 17 പേർ കൊല്ലപ്പെടുകയും 60 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്ത പൂനെ ജർമ്മൻ ബേക്കറി ബോംബ് സ്ഫോടനം നടന്നിട്ട് ഒരു മാസം തികയുമ്പോഴും അന്വേഷണം എങ്ങുമെത്താതെ ഇഴയുന്നു. മുംബയ് ആന്റി ടെററിസ്റ്റ് സ്കാഡ് സ്ഫോടനവുമായി ബന്ധപ്പെട്ട് 100 ഓളം പേരെ ചോദ്യം ചെയ്തെങ്കിലും ഇതുവര ഒരു തുമ്പും ലഭിച്ചിട്ടില്ല. സ്ഫോടനം നടന്ന് കഴിഞ്ഞ് കൃത്യം ഒരു മാസം ആയെങ്കിലും പോലീസ് ഇപ്പോൾ ജനങ്ങളെ കുറ്റപ്പെടുത്തുന്ന രീതിയിലാണ് സംസാരിക്കുന്നത് സ്ഫോടക വസ്തുക്കൾ നിറച്ച ബാഗ് ഏകദേശം 2 മണിക്കൂറോളം അലക്ഷ്യമായി ജർമ്മൻ ബേക്കറിയിൽ കിടന്നെങ്കിലും ആരും പോലീസിനെ വിവരം അറിയിച്ചില്ലെന്നും പോലീസ് വേണമെങ്കിൽ ബോംബ് കണ്ടെടുക്കട്ടെ എന്ന നിലപാടാണ് ജനത്തിനുള്ളതെന്നും സിറ്റി പോലീസ് കമ്മീഷണർ സത്യപാൽ സിംഗ് പറയുന്നു. ഈ മാസത്തിനു ശേഷവും പൂനനഗരം ഒട്ടും സുരക്ഷിതമല്ല. ദൃക്സാക്ഷികൾ നൽകിയ വിവരം അനുസരിച്ച് ബോംബ് വച്ചവരുടെ നിരവധി രേഖാ ചിത്രങ്ങൾ തയ്യാറാക്കിയെങ്കിലും ആരെയും തിരിച്ചറിയാൻ കഴിഞ്ഞില്ല. ഫോറൻസിക് റിപ്പോർട്ട് അനുസരിച്ച് ആർ. ഡി. എക്സ്. അമോണിയം നൈട്രേറ്റ്, പെട്രോ ഹൈഡ്രോകാർബൺ ഓയിൽ എന്നിവയുടെ ഒരു മിശ്രിതം ഒരു സെൽഫോൺ റിമോട്ട് കൺട്രോൾ ഉപയോഗിച്ച് പൊട്ടിയ്ക്കുകയായിരുന്നു എന്ന് മാത്രമാണ് ഇതുവരെ തെളിഞ്ഞത്. ഈ സമയം വിദേശത്തേയ്ക്ക് വിളിച്ച ഏകദേശം 250 പേരുടെ ടെലിഫോൺ വിളികൾ പരിശോധിച്ചെങ്കിലും ഒന്നും കണ്ടെത്താനായില്ല.

ഒ.സി.റ്റി.വി. യുടെ ക്ളിപ്പിംഗുകളിൽ നിന്ന് സ്ഫോടനം നടത്തിയെന്ന് സംശയിക്കുന്ന 2 പേരുടെ ചിത്രങ്ങൾ ലഭിച്ചെങ്കിലും അന്വേഷണത്തിൽ ഒരു പുരോഗതിയുമുണ്ടായില്ല. ഇപ്പോഴും സ്ഫോടത്തിന്റെ ഉത്തരവാദിത്തം ചില ഗ്രൂപ്പുകൾ അവകാശപ്പെടുന്നുണ്ടെങ്കിലും ഇന്റലിജൻസ് കരുതുന്നത് ഇന്ത്യൻ മുജാഹിദിന്റെ സഹായത്തോടെ സിമി നടത്തിയ സ്ഫോടനമാണിതെന്നാണ്.

ബാലഗോപാലും സീമയും രാജ്യസഭയിലേക്ക്

സി.പി. നാരായണൻ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയാവും

തിരുവനന്തപുരം : മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി കെ.എൻ. ബാലഗോപാൽ, ജനാധിപത്യ മഹിളാ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ടി.എം. സീമ എന്നിവരെ രാജ്യസഭാ സ്ഥാനാർത്ഥികളായി സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റ് നിശ്ചയിച്ചു.

ആസൂത്രണ ബോർഡ് അംഗവും ചിന്തയുടെ എഡിറ്ററുമായ സി.പി. നാരായണനായിരിക്കും മുഖ്യമന്ത്രിയുടെ പുതിയ പൊളിറ്റിക്കൽ സെക്രട്ടറി.

ഇന്നലെ രാവിലെ ചേർന്ന സി.പി.എം സംസ്ഥാന സെക്രട്ടേറിയറ്റാണ് ഈ തീരുമാനങ്ങൾ കൈക്കൊണ്ടത്. മൂന്നു തീരുമാനങ്ങളും അപ്രതീക്ഷിതമായിരുന്നു.

രാജ്യസഭയിലേക്ക് സി.പി.എം സ്ഥാനാർത്ഥികളായി മറ്റു ചില പേരുകളായിരുന്നു നേരത്തേ പ്രചരിച്ചിരുന്നത്. കാലാവധി പൂർത്തിയായി സ്ഥാനമൊഴിയുന്ന എ. വിജയരാഘവന് ഒരു ടേം കൂടി നീട്ടിക്കിട്ടുമെന്നും പ്രതീക്ഷിച്ചിരുന്നു. എന്നാൽ, ഒരാൾക്ക് രണ്ടു ടേമിനപ്പുറം നൽകേണ്ടതില്ലെന്ന നിബന്ധന പാലിക്കപ്പെട്ടതോടെ വിജയരാഘവന്റെ സാദ്ധ്യത ഇല്ലാതായി. നിബന്ധനയിൽ ഒഴിവുവരുത്തി വിജയരാഘവനെ പരിഗണിക്കണമെന്ന നിർദ്ദേശം ഡൽഹിയിലെ പാർട്ടി സെന്ററിൽ നിന്നുണ്ടായതുമില്ല.

ഇപ്പോൾ സ്ഥാനാർത്ഥികളായിരിക്കുന്ന ബാലഗോപാലും സീമയും സി.പി.

കെ.എൻ. ബാലഗോപാൽ

ടി.എം. സീമ

സി.പി. നാരായണൻ

എം സംസ്ഥാന കമ്മിറ്റി അംഗങ്ങളാണ്. മുഖ്യമന്ത്രിക്കെതിരെ സംസ്ഥാന കമ്മിറ്റിയിൽ വിമർശനമുയർത്തിയതിനെത്തുടർന്ന് തന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന എസ്. രാജേന്ദ്രനോടൊപ്പം പൊളിറ്റിക്കൽ സെക്രട്ടറി സ്ഥാനത്തുനിന്ന് ബാലഗോപാലിനെയും നീക്കം ചെയ്യണമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പാർട്ടി നേതൃത്വത്തോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, അന്ന് പാർട്ടി രാജേന്ദ്രനെ മാറ്റുകയും ബാലഗോപാലിനെ നിലനിറുത്തുകയുമാണ് ചെയ്തത്. ഇപ്പോഴാകട്ടെ ഫലത്തിൽ ബാലഗോപാലിനെ മാറ്റിയെങ്കിലും രാജ്യസഭയിലേക്ക് അയയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. പത്തുവർഷത്തോളം ഡൽഹിയിൽ പാർട്ടി സെന്റർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരികയായിരുന്ന ബാലഗോപാലിന് പഴയ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനുള്ള അവസരമാണ് കൈവന്നിരിക്കുന്നത്.

സമീപകാലത്ത് പാർട്ടി നേതൃനിരയിൽ ശ്രദ്ധേയയായ ഡോ. ടി.എൻ. സീമയെ സ്ഥാനാർത്ഥിയാക്കിയത് അപ്രതീക്ഷിതമായിരുന്നെങ്കിലും അതിൽ അസാധാരണത ഇല്ല. രണ്ടുവർഷം മുമ്പ് കോട്ടയത്തുനടന്ന പാർട്ടി സംസ്ഥാന സമ്മേളനത്തിൽ വച്ചണ് ഡോ. സീമ പാർട്ടി സംസ്ഥാന കമ്മിറ്റിയിൽ അംഗമാകുന്നത്. പാർട്ടി സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ നയിച്ച നവകേരള മാർച്ചിൽ മുഴുവൻ സമയ അംഗമായിരുന്നു ഡോ. സീമ. അടുത്തകാലത്തായി സി.പി.എമ്മിന്റെ ബഹുജന പ്രക്ഷോഭപരിപാടികളിലെല്ലാം സീമ മുൻനിരയിലുണ്ടായിരുന്നു. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് വേളയിൽ ചില മണ്ഡലങ്ങളിലെ സാദ്ധ്യതാ സ്ഥാനാർത്ഥി ലിസ്റ്റിലും അവരുടെ പേരുണ്ടായിരുന്നു.

സി.പി. നാരായണൻ മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറിയാകുന്നതോടെ ആസൂത്രണ ബോർഡ് അംഗത്വം രാജിവയ്ക്കേണ്ടിവരും. പാർട്ടിയുടെ ശാക്തികചേരിയിൽ മുഖ്യമന്ത്രിയുടെ പക്ഷക്കാരനായാണ് അദ്ദേഹമെന്നു പറയാനുംവയ്യ.

തിങ്കളാഴ്ചയോ ചൊവ്വാഴ്ചയോ ബാലഗോപാലും ഡോ. സീമയും നാമനിർദ്ദേശപത്രികകൾ സമർപ്പിക്കും.

രാജ്യസഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി പ്രതിരോധമന്ത്രി എ.കെ. ആന്റണിയുടെ പേര് കെ.പി.സി.സിയുടെ തിരഞ്ഞെടുപ്പ് കമ്മിറ്റി ഏകകണ്ഠമായി ശുപാർശ ചെയ്തു.

ഇതനുസരിച്ചുള്ള കത്ത് ഇന്നലെ തന്നെ ഡൽഹിയിലേക്ക് അയച്ചു. ഔപചാരികമായ പ്രഖ്യാപനം എ.ഐ.സി.സിയിൽനിന്ന് ഉണ്ടാവും. ആന്റണി നാളെ പത്രിക നൽകും.

കെ.പി.സി.സി തിരഞ്ഞെടുപ്പുകമ്മിറ്റി യോഗത്തിൽ പ്രസിഡന്റ് രമേശ് ചെന്നിത്തല അദ്ധ്യക്ഷനായിരുന്നു. കെ. കരുണാകരൻ, ഉമ്മൻചാണ്ടി, ജി. കാർത്തികേയൻ, കെ. സുധാകരൻ, കെ.സി. വേണുഗോപാൽ, പന്തളം സുധാകരൻ തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാനത്തെ ഭൂ സർവേകളെല്ലാം പരാജയപ്പെട്ടു: മന്ത്രി കെ. വി. തോമസ്

കൊച്ചി : സംസ്ഥാനത്ത് ഇതുവരെ നടത്തിയ സർവേകളിലൊന്നിൽ പോലും ചോദ്യം ചെയ്യപ്പെടാനാവാത്ത തരത്തിൽ ഭൂമി അളന്നു തിട്ടപ്പെടുത്താൻ സർക്കാരിന് കഴിഞ്ഞിട്ടില്ലെന്ന് കേന്ദ്രമന്ത്രി പ്രൊഫ. കെ.വി. തോമസ് കുറ്റപ്പെടുത്തി. ടാജ് ഹോട്ടൽസ് വൈസ് പ്രസിഡന്റ് ടി. ദാമു രചിച്ച 'മൂന്നാർ രേഖകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

"ടാറ്റയല്ല ആരു ഭൂമി കയ്യേറിയാലും നടപടി സ്വീകരിക്കുകയും ഭൂമിയില്ലാത്തവർക്ക് വീടു വയ്ക്കാൻ ഭൂമി നൽകുകയും വേണം. രേഖകളെ അടിസ്ഥാനമാക്കുന്നതിനു പകരം അഭ്യൂഹങ്ങളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നത് തെറ്റാണ്. നിയമത്തിന്റെ പിൻബലത്തിൽ നടപടി സ്വീകരിക്കാത്തതിനാലാണ് സർക്കാരിന് പഴി കേൾക്കേണ്ടി വരുന്നത്" - കെ. വി. തോമസ് പറഞ്ഞു.

മുല്ലപ്പെരിയാർ വിഷയത്തിൽ വക്കീലന്മാർക്ക് കോടിക്കണക്കിന് രൂപ നൽകിയതല്ലാതെ കേസ്സ് നിൽക്കുന്നിടത്തു നിന്ന് ഒരിഞ്ചു പോലും മുന്നോട്ടു പോയിട്ടില്ല. "മുല്ലപ്പെരിയാർ വിഷയത്തിൽ സമചിത്തതയോടെ വേണം ഇടപെടേണ്ടത്. പാൽ, കോഴി, മുട്ട തുടങ്ങിയവയൊക്കെ കേരളത്തിലേക്ക് എത്തുന്നത് തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നുമാണ്. നമുക്ക് വേലികെട്ടി ജീവിക്കാനാവില്ല. രാഷ്ട്രീയ പാർട്ടികൾ സ്വന്തം താല്പര്യത്തിനു വേണ്ടി നിയമത്തെ വഴിവിട്ട് ഉപയോഗിച്ചാൽ രാജ്യത്തിന് അപകടമുണ്ടാവും. " - കേന്ദ്രമന്ത്രി പറഞ്ഞു.

വോൾവോ ട്രെയിലറിൽ ഇടിച്ച് രണ്ടു പേർ മരിച്ചു

മൂന്നു പേരുടെ നില ഗുരുതരം

കൊല്ലം : കൊട്ടാരക്കരയിൽ നിന്ന് ബാംഗ്ളൂർക്കു പോയ കെ.എസ്.ആർ.ടി.സി വോൾവോ ബസ് ധർമ്മപുരിക്കു സമീപം നിറുത്തിയിട്ടിരുന്ന ട്രെയിലറിൽ ഇടിച്ച് തീപിടിക്കുകയും ഡ്രൈവർ ഉൾപ്പെടെ രണ്ടു പേർ മരിക്കുകയും ചെയ്തു.

കൊട്ടാരക്കര ഡിപ്പോയിലെ ഡ്രൈവർ കുണ്ടറ കുഴിമതിക്കാട് ഇടിമുക്ക് കിടങ്ങിൽ വീട്ടിൽ അരവിന്ദാക്ഷന്റെ മകൻ അജിത് (37), അഞ്ചൽ ആലഞ്ചേരി പച്ചയിൽവീട്ടിൽ അലക്സ് സക്കറിയ (55) എന്നിവരാണ് മരിച്ചത്. ബസ് കണ്ടക്ടർ കൊട്ടാരക്കര പവിത്രേശ്വരം ചെറുപൊയ്ക കൈതക്കോട് കല്ലുംമൂട്ടിൽ വീട്ടിൽ സോമരാജൻ (54), കൊട്ടാരക്കര ഡിപ്പോയിലെ തന്നെ മറ്റൊരു ഡ്രൈവർ തൃശൂർ കൊടുങ്ങല്ലൂർ പുതുവീട്ടിൽ വേലായുധന്റെ മകൻ ടി.വി. രാജൻ (39), ട്രെയിലർ ഡ്രൈവർ സുബ്രഹ്മണ്യൻ എന്നിവർക്ക് ഗുരുതരമായി പരിക്കേറ്റു. കൊട്ടാരക്കരയിൽ നിന്ന് വെള്ളിയാഴ്ച പകൽ 2.30 ന് ബാംഗ്ളൂർക്ക് പുറപ്പെട്ടതായിരുന്നു ബസ്. രാവിലെ 7.50 ന് ബാംഗ്ളൂർ എത്തേണ്ട ബസ് പുലർച്ചെ മൂന്നരയോടെ ധർമ്മപുരിക്കു സമീപം റോഡ് സൈഡിൽ നിറുത്തിയിട്ടിരുന്ന ട്രെയിലറിനു പിന്നിൽ ഇടിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഡീസൽ ടാങ്ക് തകരുകയും തീ പടർന്ന് പിടിക്കുകയും ചെയ്തു. പ്രധാനമായും ഡ്രൈവറുടെ കാബിനിലാണ് തീ പടർന്നത്. അപ്പോൾ ബസിൽ ഉണ്ടായിരുന്ന 23 യാത്രക്കാരും ഗാഢ നിദ്രയിലായിരുന്നു.

മരിച്ച അലക്സ് സക്കറിയ ബാംഗ്ളൂരിൽ കാന്റീൻ നടത്തിവരികയായിരുന്നു. ഭാര്യ ജൂയയ്ക്ക് നിസാര പരിക്കേയുള്ളൂ.

ഹോക്കി ലോക കിരീടം ആസ്ട്രേലിയയ്ക്ക്

ന്യൂഡൽഹി: തുടർച്ചയായ മൂന്നാം ലോക കിരീടം ലക്ഷ്യമിട്ടിറങ്ങിയ ജർമ്മനിയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ച് ആസ്ട്രേലിയ ഹോക്കി ലോകകപ്പിൽ മുത്തമിട്ടു. ആസ്ട്രേലിയയുടെ രണ്ടാം ലോക കപ്പ് കിരീടമാണിത്.

ഇന്നത്തെ വാരാന്ത്യ കൗമുദി

പേജ് 9ൽ
ഈ കാല്പാടുകൾ
മറക്കാനാകുമോ...

മറാഠി- ഹിന്ദി പരിചയ പംക്തി
പേജ് 10ൽ